


**തെരഞ്ഞെടുപ്പ് സംവാദങ്ങളിലെ വിഭിന്ന വീക്ഷണങ്ങൾ**

മുഖ്യധാരയ്ക്ക് പുറത്ത് ബദൽ സ്ഥാനാർത്ഥികൾ വളരെ കുറച്ച് മാത്രമുണ്ടായിരുന്ന തെരഞ്ഞെടുപ്പാണ് കടന്നുപോകുന്നത്. എങ്കിലും ശ്രദ്ധേയമായ രാഷ്ട്രീയ പരീക്ഷണത്തിന് സന്നദ്ധമായ കേരളത്തിലെ രണ്ട് ബദൽ സ്ഥാനാർത്ഥികളെ പരിചയപ്പെടാം...

# തോട്ടം മേഖലയിലെ അനീതികൾക്കെതിരെ

**ജി. ഗോമതി**

**ഇടുക്കി** പാർലിമെന്റ് മണ്ഡലത്തിൽ നിന്നാണ് ഞാൻ മത്സരിക്കുന്നത്. രാഷ്ട്രീയ അധികാരമാണ് മുഴുവൻ സാമൂഹിക പുരോഗതിയുടെയും താക്കോലെന്നും രാഷ്ട്രീയ അധികാരത്തിന്റെ കടിഞ്ഞാൺ അസ്പൃശ്യർ നേടാത്തിടത്തോളം കാലം അയിത്തം തുടച്ചു നീക്കാൻ കഴിയില്ലെന്നും ഡോ. ബി.ആർ. അംബേദ്കർ പറഞ്ഞതിന്റെ പൊരുൾ കൂടുതൽ ബോധ്യപ്പെടുന്നത് ഈ 'ആധുനിക ജനാധിപത്യ' കാലഘട്ടത്തിലാണ്. പാർശ്വവത്കൃത ജനതയുടെ പ്രാതിനിധ്യം അധികാര രാഷ്ട്രീയത്തിൽ ഉറപ്പിച്ചു കൊണ്ടല്ലാതെ ഇന്ത്യയിലെ ആദിവാസികളും ദളിതരും തോട്ടം തൊഴിലാളികളും ദലിത് ക്രിസ്ത്യാനികളും മത്സ്യത്തൊഴിലാളികളും സ്ത്രീകളും ട്രാൻസ്ജെന്ഡേഴ്സും അതിപിന്നാക്കക്കാരും മുസ്ലീംങ്ങളും മതന്യൂനപക്ഷങ്ങളും ഭാഷാ ന്യൂനപക്ഷങ്ങളും അടങ്ങുന്ന ജനതയ്ക്ക് നീതിയുക്തമായ ഒരു സാമൂഹികക്രമം രൂപപ്പെടുത്തിയെടുക്കാൻ കഴിയുകയില്ല.

ഇന്ത്യയിലും കേരളത്തിലും ജനാധിപത്യ വ്യവസ്ഥ നിലവിൽ വന്നെങ്കിലും മൂന്നാർ ഉൾപ്പടെയുള്ള തോട്ടംമേഖലയിൽ ഇന്നും നിലനിൽക്കുന്നത് കൊളോണിയൽ നിയമങ്ങളും അധികാരബന്ധങ്ങളുമാണ്. തോട്ടംതൊഴിലാളികളെ പൗരരായി പോലും അംഗീകരിക്കാത്ത, മാനേജുമെന്റുകൾക്ക് പരമാധികാരം നൽകുന്ന Plantation Labour Act ആണ് തോട്ടംമേഖലയിൽ നിലനിൽക്കുന്നത്. ബ്രിട്ടീഷുകാർ കൊളോണിയൽ കാലഘട്ടത്തിൽ അടിമകളുടെ പൊതുമിനിമം അവകാശങ്ങൾക്കായി നിർമ്മിച്ച നിയമമാണ് Plantation Labour Act 1951. ഈ നിയമപ്രകാരം തോട്ടം തൊഴിലാളികളുടെ മുഴുവൻ അവകാശങ്ങളും നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം തോട്ടം മാനേജുമെന്റുകൾക്കാണ്; ജനാധിപത്യ സർക്കാരിനല്ല. തോട്ടംമേഖലയിൽ നിലനിൽക്കുന്ന മുഴുവൻ അവകാശ ധ്വംസനത്തിന്റെയും ജനാധിപത്യ അവകാശ നിഷേധത്തിന്റെയും അടിസ്ഥാന കാരണം കേരളം രൂപീകരിക്കുന്നതിനു മുൻപുള്ള ഈ നിയമമാണ്. ഈ നിയമം ഭേദഗതി ചെയ്തുകൊണ്ടല്ലാതെ തൊഴിലാളികളുടെ കൂലി, ബോണസ്, തൊഴിൽ സംരക്ഷണം, തൊഴിൽ അവകാശങ്ങൾ, പൗരാവകാശങ്ങൾ തുടങ്ങിയവ സംരക്ഷിക്കാൻ സർക്കാരിന് കഴിയുകയില്ല.

ദിവസവും പത്ത് പന്ത്രണ്ട് മണിക്കൂർ ജോലിയെടുക്കുന്ന തോട്ടം തൊഴിലാളിക്ക് 301-325 രൂപയാണ് ഇപ്പോഴും ദിവസക്കൂലി ലഭിക്കുന്നത്. 2015 ലെ ഐതിഹാസികമായ പെൺമ്പിളൈ ഒരുമൈ സമരം കൂലി വർദ്ധനവ് ആവശ്യപ്പെട്ടു സമരം ചെയ്യുകയും അത് അംഗീകരിക്കുകയും ചെയ്തെങ്കിലും ഇപ്പോഴും നടപ്പിലാക്കാതെ തൊഴിലാളികളെ ഇടതുപക്ഷ സർക്കാർ വഞ്ചിക്കുകയാണ്. കേരളത്തിന്റെ പൊതുവിടങ്ങളിൽ തൊഴിലെടുക്കുന്നവർക്ക് 700 – 800 രൂപ ദിവസക്കൂലി ലഭിക്കുമ്പോൾ പകലന്തിയോളം പണിയെടുക്കുന്ന തോട്ടം തൊഴിലാളികൾക്ക് നാമമാത്രമായ കൂലിയാണ് ലഭിക്കുന്നത്. തൊഴിലാളികൾക്ക് കുറഞ്ഞത് 600 രൂപയെങ്കിലും കൂലി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളാണ് സർക്കാർ സ്വീകരിക്കേണ്ടുന്നത്.

തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി ഒരുതുണ്ട് ഭൂമിയോ വീടോയില്ല എന്നതാണ് തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. തോട്ടം ജോലിയിൽ നിന്ന് വിരമിച്ചു കഴിഞ്ഞാൽ തൊഴിലാളികൾ ലയങ്ങളിൽ നിന്ന് ഇറങ്ങിക്കൊടുക്കണം. ഭൂമിയോ വീടോ ഇല്ലാത്തതുകൊണ്ട് എവിടേയ്ക്ക് പോകണമെന്ന് അറിയാത്ത അവസ്ഥ. ഇതിനെ മറികടക്കാൻ ലയം വീണ്ടും ലഭിക്കുന്നതിനു ഉന്നത വിദ്യാഭ്യാസം നടത്തിയ മക്കളെവരെ തോട്ടംപണിയ്ക്കും കമ്പനിയിൽ ജോലിയ്ക്കും വിടേണ്ടുന്ന ഗതികേടിലാണ് തോട്ടംതൊഴിലാളികൾ. 2009 ൽ 4000 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള രേഖയും ( Form of order of assignment on registry ) 518 പേർക്ക് പട്ടയവും ലഭിച്ചിട്ടുണ്ടെങ്കിലും ആർക്കും ഭൂമിയെവിടെന്ന് പോലും അറിയില്ല. വളരെ കുറച്ചു പേർക്ക് മാത്രമാണ് ഭൂമി ലഭിച്ചത്. ചേരികൾക്ക് സമാനമായ ഒറ്റമുറി ലയങ്ങളിൽ നിന്ന് സമാനമായ സാഹചര്യമുള്ള 350 സ്ക്വയർ ഫീറ്റ് ഫ്ലാറ്റുകളിലേക്ക് തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുവാനുള്ള ശ്രമങ്ങളാണ് സർക്കാർ ഇപ്പോൾ നടത്തുന്നത്. അഞ്ചേകാൽ ലക്ഷത്തോളം സർക്കാർ ഭൂമിയാണ് ടാറ്റ, ഹാരിസൺ തുടങ്ങിയ കയ്യേറ്റ മാഫിയകൾ അനധികൃതമായും നിയമവിരുദ്ധമായും കയ്യടക്കി വെച്ചിരിക്കുന്നത്. ടാറ്റ, ഹാരിസൺ ഉൾപ്പടെയുള്ള തോട്ടം കുത്തകകളെ സംരക്ഷിക്കുന്ന നിലപാടാണ് ഇടതുപക്ഷ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ നിയമനിർമ്മാണം നടത്തി കുത്തകകൾ കൈയ്യടക്കി വെച്ചിരിക്കുന്ന തോട്ടംഭൂമി ഏറ്റെടുക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന തോട്ടം ഭൂമിയിൽ കേരളത്തിലെ തോട്ടം തൊഴിലാളികളെയും ആദിവാസി-ദലിത് ഇതര പിന്നാക്ക ഭൂരഹിതരെയും പുനരധിവസിപ്പിക്കണം.

പ്രളയാനന്തരം വലിയ നാശനഷ്ടങ്ങളാണ് ഇടുക്കി ജില്ലക്കുണ്ടായത്. ഇതിനെ മറികടക്കാൻ സർക്കാർ പ്രത്യേക കാർഷിക പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ പദ്ധതി ഏർപ്പെടുത്തുക, വിദ്യാഭ്യാസത്തിനു പ്രത്യേക സ്കൂൾ-കോളേജുകളും ഹോസ്റ്റൽ സകര്യങ്ങളും ഒരുക്കുക, തുടങ്ങിയ നിരവധി ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ ഞാൻ മത്സരിക്കുന്നത്. ■